പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3771

19.02.2013-ൽ മറുപടിക്ക്.

## കുറ്റകൃത്യങ്ങൾ തടയുന്നതിന് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | : (എ) കുറ്റകൃതങ്ങൾ തടയുന്നതിന് പോലീസ് വകുപ്പ് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി രാത്രി പകൽ ഭേദമന്യേ പട്രോളിംഗും, ബീറ്റ് ഡ്യൂട്ടികളും ശക്തമാക്കിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷയ്ക്കായി ഷാഡോ പോലീസിനെ വിന്യസിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നത് കൂടുതൽ ഫലപ്രദ-മാക്കുന്നതിന്റെ ഭാഗമായി കുറ്റാന്വേഷണ വിഭാഗത്തെയും ,ക്രമസമാധാന വിഭാഗത്തെയും രണ്ടായി വേർപ്പെടുത്തുന്നതിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സിറ്റി ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഉദ്യോഗസ്ഥർക്ക് അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ വിവര സാങ്കേതികവിദ്യയിലധിഷ്ഠിതമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ക്രമസമാധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |
| (ബി) ഇതിന്റെ ഭാഗമായി എല്ലാ സ്ഥലങ്ങളിലും സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്നകാര്യം ആലോചിക്കുമോ; | : (ബി) നഗര സുരക്ഷയുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി "Safe Kochi Secure Kochi" എന്ന പേരിൽ കൊച്ചിസിറ്റിയിൽ Integrated Digital Security Plan-ന്റെ ഔപചാരിക ഉദ്ഘാടനം നടത്തിയിട്ടുണ്ട്. നിലവിൽ ട്രാഫിക്, സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള |

(മറുപുറം)

ക്യാമറകളും, മറ്റ് സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളും കൂടാതെ Vital Installations സ്വകാര്യ/ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ജനങ്ങൾ ഒത്തുകൂടുന്ന മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ അവരവരുടെ സ്പോൺസർസിഷിപ്പിൽ ഡിജിറ്റൽ ക്യാമറകൾ സ്ഥാപിക്കുന്നതിനും അവയുടെ ലിസ്റ്റ് പോലീസ് കൺട്രോൾ റൂമിലും, പോലീസ് സ്റ്റേഷനുകളിലും നൽകി 24 മണിക്കൂറും ക്യാമറ നിരീക്ഷണത്തിൽകൂടി സിറ്റിയുടെ സുരക്ഷ വർദ്ധപ്പിക്കുവാനുള്ള പദ്ധതിയാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത് വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ CCTV സംവിധാനം ഉൾപ്പെടെയുള്ള കൂടുതൽ സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ആധുനികവൽക്കരണ പദ്ധതിയുടെ ഭാഗമായി 60 ട്രാഫിക് സെക്യൂരിറ്റി ക്യാമറകൾ വാങ്ങി തിരുവനന്തപുരം സിറ്റി (27 എണ്ണം),കൊച്ചി സിറ്റി (15 എണ്ണം) കോഴിക്കോട് സിറ്റി (18 എണ്ണം) എന്നീ നഗരങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം സിറ്റി, (8 എണ്ണം ) കൊല്ലം സിറ്റി (14 എണ്ണം) കൊച്ചി സിറ്റി (6 എണ്ണം)തൃശ്ശൂർ സിറ്റി (16 എണ്ണം) കോഴിക്കോട് സിറ്റി (6 എണ്ണം) എന്നീ പോലീസ് ജില്ലകളിൽ മൊത്തം 50 ട്രാഫിക് സെക്യൂരിറ്റി ക്യാമറകൾ കൂടി വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ ഹൈവേകളിൽ 50 സ്ഥലങ്ങളിലായി 100 ക്യാമറകൾ സ്ഥാപിയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| (സി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ 24 മണിക്കൂറും ഇത് നിരീക്ഷിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ; വിശദമാക്കുമോ ? | : | (സി) കൺട്രോൾ റൂമുകളിൽ പ്രസ്തുത ക്യാമറകളിലൂടെയുള്ള ദൃശ്യങ്ങൾ 24 മണിക്കൂറും നിരീക്ഷക്കുന്നതിനുള്ള സംവിധാനമുണ്ട്. |

സെക്ഷൻ ഓഫീസർ